# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 214 — 8.07.2015-ൽ മറുപടിക്ക്

## പ്രാഥമികാരോഗ്യമേഖലയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ.വി.എസ്.ശിവകുമാർ |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| ഡോ. കെ.ടി. ജലീൽ | |
| ശ്രീമതി. കെ.എസ്. സലീഖ | |

| | | | |
|---|---|---|---|
| (എ) | ആസൂത്രണ ബോർഡ് വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പ്രകാരം കേരളീയർ ചികിത്സിച്ച് ദരിദ്രരാകാനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ; | (എ) | National Sample Survey Office (NSSO) 2014 സർവ്വേ വിവരങ്ങളെ അധികരിച്ച് ശ്രീ. പീറ്റർ ബർമാനും ശ്രീ. രാജീവ് അഹൂജയും നടത്തിയ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 12 ശതമാനം ഗ്രാമീണകുടുംബങ്ങളും 8 ശതമാനം നഗര കുടുംബങ്ങളും ചികിത്സാ ചെലവിനാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയാകുന്നുവെന്ന് സാന്ദർഭികമായി പരാമർശിക്കുന്നുണ്ട്. ഇത് അവലംബിച്ചാണ് പ്രസ്തുത റിപ്പോർട്ടിൽ ഈ പരാമർശം നടത്തിയിട്ടുള്ളത്. |
| (ബി) | സ്വകാര്യ മേഖലയെ അമിതമായി ആശ്രയിക്കാനിടയാക്കുന്ന സാഹചര്യം പരിഹരിക്കാൻ എന്തെങ്കിലും നടപടിയുണ്ടോ ; | (ബി) | സ്വകാര്യമേഖലയെ അമിതമായി ആശ്രയിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രാഥമികാരോഗ്യ മേഖലയുടെ വികസനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; ഏതൊക്കെ കാര്യങ്ങൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ? | (സി) | വിദഗ്ധ സമിതി റിപ്പോർട്ടിൽ പ്രാഥമികാരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മനുഷ്യ വിഭവശേഷി വികസനത്തിനും മരുന്നുകൾ ഉപകരണങ്ങൾ എന്നിവയുടെ ലഭ്യതയും പ്രാഥമികാരോഗ്യ മേഖലയുടെ വികസനത്തിനായി നിർദ്ദേശിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ മേഖലയുടെ വികസനത്തിനായി എൻ.എച്ച്.എം. മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയിൽ നിന്നും തുക വകയിരുത്തുന്നുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതാണ് പ്രാഥമിക ആരോഗ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം ബഡ്ജറ്റ് വിഹിതം വാർഷിക പദ്ധതിയിൽ വകയിരുത്തി വരുന്നുണ്ട്. ആരോഗ്യമേഖലയ്ക്ക് നൽകുന്ന ബഡ്ജറ്റ് വിഹിതത്തിൽ ഓരോ സാമ്പത്തിക വർഷത്തിലും വർദ്ധനവ് വരുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ